"ഭരണഭാഷ - മാതൃഭാഷ"

നം: **DGE/3327/2025-VA5**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **12-08-2025**

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - വിജിലൻസ് – സർക്കാർ ജീവനക്കാർ, സർക്കാർ/ എയ്ഡഡ് സ്കൂൾ അധ്യാപകർ എന്നിവർ പെരുമാറ്റ ചട്ടം ലംഘിച്ച് മത്സര പരീക്ഷകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ക്ലാസുകൾ എടുക്കുന്നത് - ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ഈ കാര്യാലയത്തിലെ സർക്കുലർ നം. **V1-37857/2010/DPI** തീയതി **06/07/2010**

2. സർക്കാർ സർക്കുലർ നം. ഉ.പ.സി2/**76/2020**/ഉഭപവ തീയതി **12/03.2020**

3. സർക്കാർ സർക്കുലർ നം. ഉ.പ.സി2//**76/2020**/ഉഭപവ തീയതി **19/11/2020**

*****

സർക്കാർ/എയ്ഡഡ് സ്കൂൾ അധ്യാപകർ സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ക്ലാസ്സുകൾ എടുക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ആയത് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ക്ലാസ്സെടുക്കുന്ന അധ്യാപകരെ കണ്ടെത്തി കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സൂചന (1) പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം **2009** അദ്ധ്യായം **IV** ചട്ടം **28** പ്രകാരം അധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിരോധിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർ, സർക്കാർ എയ്ഡഡ് സ്കൂൾ/കോളേജ് അധ്യാപകർ എന്നിവർ പി.എസ്.സി പരിശീലന കേന്ദ്രങ്ങൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവ നടത്തുന്നതും, അത്തരം സ്ഥാപനങ്ങളിൽ അദ്ധ്യാപനം നടത്തുന്നതും, മേൽപ്പറഞ്ഞ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുസ്തകകങ്ങൾ, ഗൈഡുകൾ പ്രസിദ്ധീകരിക്കുന്നതും അത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായും, പരോക്ഷമായും കൂട്ടു നിൽക്കുന്നതും ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് സൂചന (2), (3) പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ നൽകുകയും, ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാർ സ്വകാര്യ ട്യൂഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ സർക്കാരിലും, ഈ കാര്യാലയത്തിലും ലഭിച്ചു വരുന്ന സാഹചര്യത്തിൽ മേൽ ചട്ടങ്ങളുടെയും സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ജീവനക്കാർ സർക്കാർ/എയ്ഡഡ് സ്കൂൾ അധ്യാപകർ എന്നിവർ ഈ കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിയമനാധികാരികൾക്ക് നിർദ്ദേശം നൽകുന്നു. ടി വിഷയത്തിൽ വീഴ്ച വരുത്തുന്ന അദ്ധ്യാപകർ/അനദ്ധ്യാപകർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാത്ത നിയമനാധികാരി/അച്ചടക്കാധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

Signed by
Shanavas S
Date: 12-08-2025 14:09:03

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. ജോയിന്റ് കമ്മിഷണർ, പരീക്ഷഭവൻ, തിരുവനന്തപുരം
2. പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ ഓഫീസുകളിൽ/സ്കൂളുകളിൽ മേൽ സർക്കുലർ അയച്ചു നൽകേണ്ടതാണ്.)
4. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും (താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ ഓഫീസുകളിൽ/സ്കൂളുകളിൽ മേൽ സർക്കുലർ അയച്ചു നൽകേണ്ടതാണ്.)
5. എല്ലാ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും. (താങ്കളുടെ അധികാര

പരിധിയിലുള്ള എല്ലാ ഓഫീസുകളിൽ/സ്കൂളുകളിൽ മേൽ സർക്കുലർ അയച്ചു നൽകേണ്ടതാണ്.)

6. ഈ കാര്യാലയത്തിലെ എല്ലാ കൺട്രോളിംഗ് & യൂണിറ്റ് ഓഫീസർമാർക്കും